# കേരളത്തിന്നു 1285 മെ. വാട്ട് വിദ്യുച്ഛക്തി പദ്ധതികൾ

മാധവൻകുട്ടി

ന്യൂഡൽഹി, ഏപ്രിൽ 3

1971–81 കാലത്തേക്ക് രാജ്യത്തിനാകെയുള്ള ജല വിദ്യുച്ഛക്തി പരിപാടിയിൽ കേരളത്തിൽ മൊത്തം 1285 മെഗാവാട്ട് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാനുള്ള പദ്ധതികളും പെടുമെന്ന് ജലസേചന–വിദ്യുച്ഛക്തി ഡെ. മന്ത്രി ഇന്ന് ലോകസഭയിൽ വയലാർ രവിയെ അറിയിച്ചു.

ഇടുക്കി (320 മെ. വാട്ട്) ഇടുക്കി എക്സ്റ്റൻഷൻ (320 മെ.വാട്ട്), കുറ്റ്യാടി (75 മെ. വാട്ട്) സൈലൻറ് വാലി (120 മെ. വാട്ട്) ലോവർപെരിയാർ (140 മെ. വാട്ട്) പെരിങ്ങൽക്കുത്ത് (140 മെ. വാട്ട്) ചെറുകിട സ്കീമുകൾ (30 മെ. വാട്ട്) എന്നിവ പ്രസ്തുത പദ്ധതിയിൽ പെടും.

കുറ്റ്യാടിയിൽ വിദ്യുച്ഛക്തി ഉല്പാദനം തുടങ്ങിക്കഴിഞ്ഞു. ഇടുക്കി പദ്ധതിയുടെ പണി നടന്നുവരുന്നു. സൈലൻറ് വാലി സ്കീമിന്ന് പ്ലാനിങ്ങ് കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്. ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി ജലസേചന വിദ്യുച്ഛക്തി ഉപദേശക സമിതി അംഗീകരിച്ചിട്ടുണ്ട്. പ്ലാനിങ്ങ് കമ്മീഷൻെറ അനുമതി കാത്തിരിക്കുകയാണ് മറ്റുള്ളവയുടെ സ്കീം റിപ്പോർട്ടുകൾ കിട്ടിക്കഴിഞ്ഞിട്ടില്ല.

ഷൊർണ്ണൂർ–നിലമ്പൂർ റെയിൽവെ ലൈൻ കോഴിക്കോട്ടേക്കു നീട്ടാൻ ഇപ്പോൾ ആലോചനയില്ലെന്നു ശ്രീ സി. എച്ച്. മുഹമ്മദുകോയയുടെ ചോദ്യത്തിന്ന് മറുപടിയായി റെയിൽവെ മന്ത്രി അറിയിച്ചു.

കൊച്ചി എണ്ണശുദ്ധീകരണ ശാലയുടെ മാനേജിങ്ങ് ഡയറക്ടറെ ഉദ്യോഗത്തിൽനിന്നൊഴിവാക്കിയിട്ടില്ലെന്നു ഫിലിപ്സ് പെട്രോളിയം കമ്പനിയുടെ കീഴിലുള്ള മറ്റൊരു സ്ഥാപനത്തിലേക്കു സ്ഥലം മാറ്റുകയേ ചെയ്തിട്ടുള്ളുവെന്നും പെട്രോളിയം കെമിക്കൽസ് ഡെ. മന്ത്രി അറിയിച്ചു.